REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 08-05-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **ഓപ്പറേഷൻ സിന്ദൂർ വിശദീകരിക്കാൻ കേന്ദ്രം വിളിച്ച സർവ കക്ഷിയോഗം രാവിലെ 11 ന് ന്യൂഡൽഹിയിൽ.**
- **ജമ്മു കശ്മീരിൽ നിയന്ത്രണ രേഖയിലെയും അന്താരാഷ്ട്ര അതിർത്തിയിലേയും ആളുകളെ സുരക്ഷിത മേഖലയിലേക്ക് മാറ്റി.**
- **സംസ്ഥാന തല പട്ടയമേള വൈകീട്ട് പാലക്കാട് കോട്ടമൈതാനത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**
- **SSLC പരീക്ഷാ ഫലം നാളെ പ്രഖ്യാപിക്കും.**
- **ഇന്ത്യൻ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ രോഹിത് ശർമ ടെസ്റ്റ് ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ തീരുമാനം പ്രഖ്യാപിച്ചു.**

## വാർത്തകൾ വിശദമായി

ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലത്തിൽ ഗവൺമെന്റ് വിളിച്ച സർവ കക്ഷിയോഗം രാവിലെ 11 ന് ന്യൂഡൽഹിയിൽ ചേരും. ബുധനാഴ്ച പുലർച്ചെ ഉണ്ടായ ഇന്ത്യൻ സൈനിക നടപടിയെപ്പറ്റി രാഷ്ട്രീയ നേതാക്കൾക്ക് ഗവൺമെന്റ് വിശദാംശങ്ങൾ യോഗത്തിൽ കൈമാറും. കക്ഷി-രാഷ്ട്രീയ ഭേദമില്ലാതെ പ്രമുഖ നേതാക്കളെല്ലാം ഇന്നലെ ഓപ്പറേഷൻ സിന്ദൂറിനെ അനുകൂലിക്കുകയും സൈനിക നടപടിയെ അഭിനന്ദിക്കുകയും ചെയ്തിരുന്നു. പഹൽഗാം ഭീകരാക്രമണത്തിന് ശേഷം ഗവൺമെന്റ് സ്വീകരിച്ച നടപടികൾക്ക് പ്രതിപക്ഷം പൂർണ പിന്തുണയും അറിയിച്ചിരുന്നു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.......വോയ്സ്.......

ഇന്ത്യക്ക് നേരെയുണ്ടാകുന്ന ഭീകരാക്രമണത്തെ നേരിടാൻ രാജ്യത്തിന്റെ അവകാശം ബോധ്യപ്പെടുത്തുന്നതായിരുന്നു പാകിസ്ഥാൻ ഭീകര ക്യാമ്പുകളിലെ സൈനിക ആക്രമണം. ഭീകരാക്രമണങ്ങളെ ഒരു തരത്തിലും അംഗീകരിക്കില്ലെന്ന് വ്യക്തമായ സന്ദേശം നൽകിയ നടപടി നരേന്ദ്രമോദി ഗവൺമെന്റിന്റെ ഭീകരവാദ വിരുദ്ധ നയം ലോകത്തെ ബോധ്യപ്പെടുത്തുന്നത് കൂടിയായിരുന്നു.

ഇന്നലെ ചേർന്ന കേന്ദ്രമന്ത്രിസഭായോഗത്തിൽ സൈനിക നടപടിയെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. ഭീകര പ്രവർത്തകരുടെ ഒളിയിടങ്ങൾ തകർത്തതിൽ സായുധ സേനയുടെ പ്രകടനത്തെ അദ്ദേഹം പ്രശംസിച്ചു. പഹൽഗാം ഭീകരാക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചവർക്ക് തക്ക മറുപടി നൽകുമെന്ന ഗവൺമെന്റിന്റെ പ്രതിബദ്ധതയാണ് സൈനിക നടപടിയിൽ വ്യക്തമായത്. 25 മിനിറ്റ് നീണ്ട നടപടിയിലാണ് പാകിസ്ഥാനിലെയും പാക് അധീന ജമ്മു കശ്മീരിലേയും ഒമ്പത് ഭീകര ക്യാമ്പുകൾ സൈന്യം തകർത്തത്.

✪✪✪

ജമ്മു കശ്മീരിൽ നിയന്ത്രണ രേഖയിലെയും ജമ്മു മേഖലയിലെ അന്താരാഷ്ട്ര അതിർത്തി ഗ്രാമങ്ങളിലെയും നൂറുകണക്കിന് ആളുകളെ സുരക്ഷിത മേഖലകളിലേക്ക് മാറ്റി. ചൊവ്വാഴ്ച രാത്രി മുതൽ പാക് സൈന്യം സിവിലിയൻ പ്രദേശങ്ങൾക്ക് നേരെ വെടിവെപ്പ് ആരംഭിച്ചിരുന്നു.

ഡെസ്ക് റിപ്പോർട്ട്.

........വോയ്സ്......

പാകിസ്ഥാൻ സൈന്യം ജമ്മു മേഖലയിലെ പൂഞ്ചിലെയും രജൗരിയിലെയും ഗ്രാമങ്ങളിൽ നടത്തിയ ആക്രമണത്തിൽ 15 സിവിലിയന്മാർക്ക് ജീവഹാനിയുണ്ടാവുകയും 43 പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി സൈനിക കേന്ദ്രങ്ങൾ അറിയിച്ചു. പാക് അധീന കശ്മീരിലെ ഒമ്പത് ഭീകര കേന്ദ്രങ്ങളിൽ ഇന്ത്യൻ സായുധ സേന മിസൈൽ ആക്രമണം നടത്തിയതിന് തൊട്ടുപിന്നാലെയാണ് അതിർത്തിക്കപ്പുറത്ത് നിന്ന് ഷെല്ലാക്രമണം ആരംഭിച്ചത്. പൂഞ്ചിൽനിന്ന് ആളുകൾ സ്വന്തമായി സുരക്ഷിത മേഖലകളിലേക്ക് മാറി.

അഖ്നൂർ സെക്ടറിൽ നിയന്ത്രണ രേഖയ്ക്ക് സമീപത്തെ താമസക്കാരോടും സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറാൻ അധികൃതർ ആവശ്യപെട്ടു.

✪✪✪

പഹൽഗാമിലെ ഭീകരാക്രമണവുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങളും ഫോട്ടോ, വീഡിയോ എന്നിവയും കൈവശമുണ്ടെങ്കിൽ വിനോദസഞ്ചാരികളും, സന്ദർശകരും, പ്രദേശവാസികളും അവ ഉടൻ പങ്കു വയ്ക്കണമെന്ന് ദേശീയ അന്വേഷണ ഏജൻസി ആവശ്യപ്പെട്ടു.  96 54 95 88 16 എന്ന മൊബൈൽ നമ്പറിലോ 011 24 36 88 00 എന്ന ലാൻഡ്‌ലൈൻ നമ്പറിലോ വിവരങ്ങൾ നൽകാനാണ് NIA യുടെ അഭ്യർത്ഥന.

✪✪✪

യുദ്ധ സമാന സാഹചര്യത്തെ തുടർന്ന്  നിരവധി വ്യാജ വാർത്തകൾ പ്രചരിക്കുന്നുണ്ടെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോ  അറിയിച്ചു. എല്ലാ പരീക്ഷകളും റദ്ദാക്കിയെന്നും വിദ്യാർത്ഥികൾ വീടുകളിലേക്ക് മടങ്ങണമെന്നും നിർദേശിക്കുന്ന വ്യാജ അറിയിപ്പ് UGC യുടെ പേരിൽ പ്രചരിക്കുന്നുണ്ട്. UGC-യിൽ നിന്ന് അത്തരം നിർദേശങ്ങളൊന്നുമില്ലെന്ന് PIB വ്യക്തമാക്കി.

പാകിസ്ഥാൻ ഒരു ഇന്ത്യൻ വിമാനം വെടിവെച്ചിട്ടതായി അവകാശപ്പെടുന്ന വീഡിയോയും പ്രചരിക്കുന്നുണ്ട്. കഴിഞ്ഞ ഫെബ്രുവരിയിൽ ഗ്വാളിയോറിലെ ശിവപുരിക്ക് സമീപം പരിശീലനത്തിനിടെ തകർന്ന വ്യോമസേനയുടെ മിറാഷ് വിമാനത്തിന്റെ ദൃശ്യങ്ങളാണ് ഇതെന്നും അറിയിപ്പിൽ പറയുന്നു.

✪✪✪

അടുത്ത മാർപ്പാപ്പയെ തെരഞ്ഞെടുക്കുന്ന പേപ്പൽ കോൺക്ലേവിൽ ഇന്നലെ തീരുമാനമായില്ല.  വത്തിക്കാൻ സിസ്റ്റെയ്ൻ ചാപ്പലിലാണ് കർദിനാൾമാരുടെ സംഘം കോൺക്ലേവിന് തുടക്കം കുറിച്ചത്.  ആദ്യ റൗണ്ട് വോട്ടെടുപ്പിൽ പുതിയ മാർപ്പാപ്പയെ തിരഞ്ഞെടുക്കാനാവാതെ വന്നതോടെ ഇന്ന് വോട്ടെടുപ്പ് തുടരും.

കർദിനാൾമാരുടെ ഇലക്ട്രൽ കോളജിന്റെ മൂന്നിൽ രണ്ട് അംഗങ്ങൾ പിന്തുണയ്ക്കുന്ന കർദിനാളിനെ അദ്ദേഹത്തിന്റെ അംഗീകാരത്തോടെ ആയിരിക്കും മാർപ്പാപ്പയായി തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുപ്പ് വിജയകരമായി പൂർത്തിയായാൽ സിസ്റ്റെയ്ൻ ചാപ്പലിൽ നിന്ന് വെളുത്ത പുക ഉയരും. തെരഞ്ഞെടുപ്പ് ഉണ്ടായില്ലെങ്കിൽ കറുത്ത പുകയും ഉയരും.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായി സംസ്ഥാന തല പട്ടയമേള വൈകീട്ട്  പാലക്കാട് കോട്ടമൈതാനത്ത് മുഖ്യമന്ത്രി പിണറായി വിജയൻ  ഉദ്ഘാടനം ചെയ്യും. 30,000 പട്ടയങ്ങളാണ് സംസ്ഥാനത്ത് പട്ടയമേളയിൽ വിതരണം ചെയ്യുന്നത്. പാലക്കാട്ട് 4500 പട്ടയങ്ങൾ വിതരണം ചെയ്യും.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ വാർഷികാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന മേഖലാതല യോഗം ഇന്ന് മലമ്പുഴയിൽ ചേരും. പാലക്കാട്, തൃശൂർ, മലപ്പുറം ജില്ലകളുടെ മേഖലാതലയോഗമാണ് മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ നടത്തുന്നത്.

മന്ത്രിമാർ, ചീഫ് സെക്രട്ടറി ഉൾപ്പെടെ മുതിർന്ന ഉദ്യോഗസ്ഥരും മൂന്ന് ജില്ലകളിലെ കളക്ടർമാരും വകുപ്പ് തലവൻമാരും യോഗത്തിൽ പങ്കെടുക്കും.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികത്തിനോടനുബന്ധിച്ച് എന്റെ കേരളം പ്രദർശന വിപണന മേളയ്ക്ക് കണ്ണൂരിൽ ഇന്ന് തുടക്കമാവും. വൈകീട്ട് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും.

വിശദവിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO. ശശിധരൻ.

........വോയ്സ്.......

ഏഴ് ദിവസങ്ങളിലായി നടക്കുന്ന പ്രദർശന മേളയ്ക്കായി പോലീസ് മൈതാനിയിൽ 52000 ചതുരശ്ര അടിയിലുള്ള പവലിയൻ ആണ് സജ്ജീകരിച്ചിട്ടുള്ളത് . പബ്ലിക്ക് റിലേഷൻ വകുപ്പിന്റെ തീം പവലിയനും ഒരുക്കിയിട്ടുണ്ട്. വിനോദസഞ്ചാരം, പൊതുമരാമത്ത്, കൃഷി, കായികം, കിഫ്ബി, എന്നിവയ്ക്ക് പുറമെ സ്റ്റാർട്ടപ്പ് മിഷനുകൾക്കായി പ്രത്യേക പവലിയനുകളും ഒരുക്കിയിട്ടുണ്ട്. ഫുഡ് കോർട്ട്, പോലീസ് വകുപ്പിന്റെ ഡോഗ്ഷോ, മൃഗസംരക്ഷണ വകുപ്പിന്റെ പ്രദർശനവും ഉണ്ടാകും. . സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ കലാകാരൻമാരുടെ തൽസമയ അവതരണങ്ങളും അരങ്ങേറും. വൈകീട്ട് ഉദ്ഘാടന ചടങ്ങിന് ശേഷം ഹിന്ദുസ്ഥാനി സംഗീതജ്ഞൻ രമേഷ് നാരായണനും കൂട്ടരും അവതരിപ്പിക്കുന്ന കലാസന്ധ്യ അരങ്ങേറും. മുഖ്യമന്ത്രി പങ്കെടുക്കുന്ന ജില്ലാതല യോഗം നാളെ രാവിലെ 10.30 കണ്ണൂർ ദിനേശ് ഓഡിറ്റോറിയത്തിൽ നടക്കും.

✪✪✪

ഇന്ത്യൻ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ രോഹിത് ശർമ ടെസ്റ്റ് ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ തീരുമാനം പ്രഖ്യാപിച്ചു. സമൂഹ മാധ്യമത്തിലൂടെയാണ് രോഹിത് ഇക്കാര്യം അറിയിച്ചത്. എന്നാൽ ഏകദിന ക്രിക്കറ്റിൽ ഇന്ത്യയ്ക്കായി കളിക്കുമെന്ന് രോഹിത് ശർമ പറഞ്ഞു.

✪✪✪

ലഹരിക്കെതിരെ 'കിക്ക് ഡ്രഗ്സ്, സേ യെസ് ടു സ്പോർട്സ്" എന്ന സന്ദേശവുമായി മന്ത്രി V അബ്ദുറഹ്മാൻ നയിക്കുന്ന ലഹരിവിരുദ്ധ സന്ദേശയാത്ര ഇന്ന് കോഴിക്കോട് ജില്ലയിൽ പ്രവേശിക്കും. ഇതിന്റെ ഭാഗമായി അടിവാരത്തുനിന്ന് താമരശ്ശേരി ചുങ്കം വരെ മാരത്തോൺ മത്സരം ആരംഭിച്ചു.

ജില്ലയിലെ MLAമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജനപ്രതിനിധികൾ, സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്, സ്റ്റാൻഡിങ് കമ്മിറ്റി അംഗങ്ങൾ, കായികതാരങ്ങൾ തുടങ്ങിയവർ പങ്കെടുക്കുന്ന വാക്കത്തോണും പരിപാടിയുടെ ഭാഗമായി ഉണ്ടായിരിക്കും.

✪✪✪

കോഴിക്കോട്ട് കേരള പ്രീമിയർ ലീഗ് ഫുട്ബോളിൽ മുത്തൂറ്റ് FA ഫൈനലിൽ പ്രവേശിച്ചു. സെമിയിൽ KSEBയെ ഒരു ഗോളിന് പരാജയപ്പെടുത്തിയാണ് അവർ ഫൈനൽ ബർത്ത് നേടിയത്. ഇന്ന് വൈകിട്ട് രണ്ടാം സെമിയിൽ കേരള പൊലീസ്, വയനാട് യുണൈറ്റഡ് FC.യെ നേരിടും. ഞായറാഴ്ചയാണ് ഫൈനൽ.

✪✪✪

IPL ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ രണ്ട് വിക്കറ്റിന് പരാജയപ്പെടുത്തി. ഇന്ന് പഞ്ചാബ് കിംഗ്സ് ഡൽഹി കാപ്പിറ്റൽസിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ധർമശാലയിലാണ് മത്സരം.

✪✪✪

SSLC പരീക്ഷാ ഫലം നാളെ ഉച്ചകഴിഞ്ഞ് മൂന്നിന് തിരുവനന്തപുരത്ത് മന്ത്രി V ശിവൻകുട്ടി പ്രഖ്യാപിക്കും. നാല് ലക്ഷത്തി 27,000 വിദ്യാർഥികളാണ് റെഗുലർ വിഭാഗത്തിൽ പരീക്ഷ എഴുതിയത്. ഓൾഡ് സ്കീമിൽ എട്ടു പേരും പരീക്ഷ എഴുതി. THSLC വിഭാഗത്തിൽ 3,057 പേരും AHSLC വിഭാഗ ത്തിൽ 65 വിദ്യാർഥികളും പരീക്ഷ എഴുതിയിട്ടുണ്ട്.

✪✪✪

കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിലെ പ്രവർത്തന മികവിന് പതിനേഴ് വിഭാഗങ്ങളിൽ അവാർഡുകൾ പ്രഖ്യാപിച്ചു. മികച്ച അയൽക്കൂട്ടമായി സുൽത്താൻ ബത്തേരിയിലെ പൗർണമിയെ തെരഞ്ഞെടുത്തു. തിച്ചൂരാണ് മികച്ച ADS. മികച്ച ഓക്സിലറി ഗ്രൂപ്പ് സുൽത്താൻ ബത്തേരിയിലെ ധ്വനി. കൊല്ലം ജില്ല മികച്ച ജില്ലാ മിഷൻ അവാർഡിന് അർഹരായി.

പുരസ്കാരങ്ങൾ കുടുംബശ്രീ ദിനമായ മെയ് 17ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് വിതരണം ചെയ്യുമെന്ന് മന്ത്രി MB രാജേഷ് അറിയിച്ചു.

✪✪✪

കോഴിക്കോട് പതങ്കയത്ത് വിനോദ സഞ്ചാരത്തി നെത്തിയ യുവാവ് മുങ്ങി മരിച്ചു. കടലുണ്ടിനഗരം ആനങ്ങാടി സ്വദേശി റമീസ് ശഹ്സാദ് എന്ന 21കാരനാണ് മരിച്ചത്. പത്തംഗ വിനോദയാത്രാ സംഘത്തോടൊപ്പമാണ് റമീസ് പതങ്കയത്തെത്തിയത്.

✪✪✪

KSRTC ബസുകളിൽ മുൻനിര സീറ്റുകൾ സ്ത്രീകൾക്ക് സംവരണം ചെയ്തിരിക്കുന്നതിൽ വിവേചനമില്ലെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ വ്യക്തമാക്കി. പഠനങ്ങളും സ്ത്രീകളുടെ ബുദ്ധിമുട്ടുകളും അടിസ്ഥാനമാക്കിയാണ് സീറ്റ് സംവരണമെന്ന് കമ്മീഷൻ അംഗം V ഗീത കൊല്ലത്ത് വിശദീകരിച്ചു.

കൊല്ലം ജില്ലാ തല സിറ്റിംഗ് രാവിലെ ഗസ്റ്റ് ഹൗസിൽ ആരംഭിക്കും.

✪✪✪

നന്ദൻകോട് കൂട്ടക്കൊല കേസിന്റെ വിധി ഇന്ന് പ്രഖ്യാപിക്കും. തിരുവനന്തപുരം ആറാം അഡീഷണൽ സെഷൻസ് കോടതിയാണ് വിധി പറയുന്നത്.

കേദൽ ജിൻസൺ രാജയാണ് കേസിലെ ഏക പ്രതി. 2017 ഏപ്രിൽ എട്ടിന് മാതാപിതാക്കളെയും സഹോദരിയെയും ബന്ധുവിനെയും വീട്ടിൽ കൊലപ്പെടുത്തിയെന്നാണ് കേസ്.

✪✪✪

ഇന്ന് ലോക റെഡ് ക്രോസ് ദിനം. യുദ്ധഭൂമിയിലും ആഭ്യന്തര കലാപ മേഖലകളിലും മനുഷ്വത്വത്തിന്റെ തലോടലുമായി കടന്നെത്തുന്ന ഒരുകൂട്ടം ആതുര സേവകരുടെ സംഭാവനകൾ ഓർമിക്കുന്ന ദിവസമാണ് റെഡ് ക്രോസ് ദിനം. മനുഷ്യജീവിതവും ആരോഗ്യവും സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ അന്താരാഷ്ട്ര സംഘടനയായ റെഡ്ക്രോസിന് ലോകത്ത് 150-ലധികം രാജ്യങ്ങളിൽ ശാഖകളും 97 ദശലക്ഷത്തിലധികം വോളണ്ടിയർമാരും ഉണ്ട്.

✪✪✪

കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡിന്റെ കണ്ണൂർ കുഴിച്ചാലിലെ നവീകരിച്ച റിഹാബിലിറ്റേഷൻ സെൻറർ കെട്ടിടം രാവിലെ MV ഗോവിന്ദൻ MLA ഉദ്ഘാടനം ചെയ്യും.

ആന്തൂർ നഗരസഭ ചെയർമാൻ P മുകുന്ദൻ അധ്യക്ഷനായിരിക്കും.

✪✪✪

*News Editor: പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*News Team: രജ്ന കെ*
*DEO: സി കെ സുബോധ്*